(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനും നിരീക്ഷണത്തിനും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വിശദമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതിയുടെ തുടർ നടത്തിപ്പിനായി കൂടുതൽ ധനസഹായം ലഭ്യമാക്കാനാവശ്യമായ എന്തുനടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) 6410.57 ലക്ഷം രൂപ (അറുപത്തിനാലുകോടി പത്തു ലക്ഷത്തി അമ്പത്തിയേഴായിരം രൂപ)

(ബി) സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനാണ് മുൻഗണന. ടോയ്ലറ്റ്, ലാബ്, ലൈബ്രറി, ചുറ്റുമതിൽ എന്നിവയുടെ നവീകരണവും നടത്തുന്നുണ്ട്.

(സി) ജില്ലാതല മോണിറ്ററിംഗ് സമിതി (ഡി.എൽ.എം.സി), അദ്ധ്യാപക രക്ഷാകർത്തൃ സമിതി (പി.ടി.എ), നിർമ്മിതി കേന്ദ്രം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ നടത്തിപ്പും, നിരീക്ഷണവും നടത്തുന്നു.

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിവിധതലങ്ങളിൽ നിന്ന് ലഭിക്കേണ്ട അനുമതി വൈകിയത്, തൊഴിലാളികളുടെയും, മണൽ തുടങ്ങിയ നിർമ്മാണ സാധനങ്ങളുടെയും ലഭ്യത കുറവ്, വെള്ളക്കെട്ടുള്ള പ്രദേശത്ത് മഴക്കാലത്ത് പണി നടത്താൻ കഴിയാതിരുന്നത് മുതലയാവയാണ് ക്കാരണങ്ങൾ.

(ഇ) നിലവിൽ അനുവദിച്ച തുകയ്ക്കുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരികയാണ്. അവ പൂർത്തിയായിട്ടില്ല. തുടർ നടത്തിപ്പിന് കൂടുതൽ ധനസഹായം ആവശ്യമായി വന്നാൽ അപ്പോൾ പരിഗണിക്കാവുന്നതാണ്.

സ്കൂളുകളിൽ ടോയ്ലറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനായി അനുവദിച്ച തുക

33 (3779) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂളുകളിൽ ടോയ്ലറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനായി എത്ര തുക അനുവദിച്ചു ; ഓരോ ജില്ലയിലും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂളുകളിൽ ടോയ്ലറ്റ് സൗകര്യം ഒരുക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന പ്രകാരത്തിൽ തുക അനുവദിച്ചിട്ടുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly

(തുക ലക്ഷത്തിൽ)

2006-07-അനുവദിച്ചിട്ടില്ല

2007-08- 461.20

2008-09- 401.22

2009-10- 395.32

2010-11- 667.10

ആകെ -1924.84

ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത സ്കൂളുകൾ

34 (3780) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഠനപശ്ചാത്തലം മെച്ചമായതും ശുദ്ധവായുസഞ്ചാരവും ബലവുമുള്ള കെട്ടിടവും പൊടിപറക്കാത്ത തറനിരപ്പും, കുടിവെള്ളവും, മൂത്രപ്പുരയും കക്കൂസും, കളിസ്ഥലവും ഇരിപ്പിടവുമുള്ള സ്കൂളുകളുടെ കണക്ക് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് എന്നിവിടങ്ങളുടെ എണ്ണം പ്രത്യേകമായി അറിയിക്കുമോ ;

(സി) ഈവിധ പശ്ചാത്തലസൗകര്യങ്ങൾ ഇല്ലാത്തിടങ്ങളിൽ സമയ ബന്ധിതമായി സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) 18-1-1996-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ.14/96 പ്രകാരം സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും സംരക്ഷണവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ കെ.ഇ.ആർ. പ്രകാരമുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടത് മാനേജർമാരുടെ ചുമതലയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുപുറമെ എസ്.എസ്.എ., ശുചിത്വമിഷൻ, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് എന്നിവയുടെ സഹായത്തോടെ വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly